**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5049** **20-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് താലൂക്കിൽ നടന്ന കരുതലും കൈത്താങ്ങും അദാലത്തിൽ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് വില്ലേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കുന്നത്തുനാട് താലൂക്കിൽ നടന്ന കരുതലും കൈത്താങ്ങും അദാലത്തിൽ ആകെ 417 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ആയതിൽ കുന്നത്തുനാട് നിയമസഭാ മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധം -1 ആയി ചേർക്കുന്നു |
| (ബി) | ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ടെന്നും വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | വിവിധ വകുപ്പുകൾ ഉൾപ്പെടെ ആകെയുള്ള 417 അപേക്ഷകളിൽ 354 അപേക്ഷകൾ തീർപ്പ കൽപിച്ചിട്ടുള്ളതും ഇനി 63 അപേക്ഷകളിൽ തീർപ്പുകൽപിക്കാൻ ബാക്കിയുള്ളതുമാണ്. ആയതിൽ കുന്നത്തുനാട് നിയമ സഭ മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട തീർപ്പുകൽപിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധം - 2 ആയി ചേർക്കുന്നു |
| (സി) | അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമെടുക്കാനുള്ളവ എന്നത്തേയ്ക്ക് തീർപ്പാക്കാനാവുമെന്ന് വ്യക്തമാക്കാമോ; | (സി) | അദാലത്തിൽ ലഭിച്ച അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കാനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അദാലത്തിൽ ലഭിച്ച അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കാനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ക്രമ നമ്പർ | വില്ലേജ് | ലഭ്യമായ അപേക്ഷകൾ |
|---|---|---|
| 1 | ഐക്കരനാട് നോർത്ത് | 11 |
| 2 | ഐക്കരനാട് സൗത്ത് | 7 |
| 3 | ഐരാപുരം | 11 |
| 4 | കിഴക്കമ്പലം | 5 |
| 5 | കുന്നത്തുനാട് | 3 |
| 6 | മാറമ്പിള്ളി | 19 |
| 7 | മഴുവന്നൂർ | 8 |
| 8 | പട്ടിമറ്റം | 12 |
| 9 | പുത്തൻ കുരിശ് | 9 |
| 10 | തിരുവാണിയൂർ | 5 |
| 11 | വടവുകോട് | 1 |
| 12 | വാഴക്കുളം | 2 |
| ആകെ | | 93 |

# <u>അനുബന്ധം - 2</u>

| ക്രമ നമ്പർ | വില്ലേജ് | തീർപ്പാക്കിയത് | തീർപ്പാക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| 1 | ഐക്കരനാട് നോർത്ത് | 8 | 3 |
| 2 | ഐക്കരനാട് സൗത്ത് | 4 | 3 |
| 3 | ഐരാപുരം | 9 | 2 |
| 4 | കിഴക്കമ്പലം | 3 | 2 |
| 5 | കുന്നത്തുനാട് | 2 | 1 |
| 6 | മാറമ്പിള്ളി | 14 | 5 |
| 7 | മഴുവന്നൂർ | 5 | 3 |
| 8 | പട്ടിമറ്റം | 6 | 6 |
| 9 | പുത്തൻ കുരിശ് | 5 | 4 |
| 10 | തിരുവാണിയൂർ | 4 | 1 |
| 11 | വടുവുകോട് | 0 | 1 |
| 12 | വാഴക്കുളം | 0 | 2 |
| **ആകെ** | | **60** | **33** |